ENTRI

1 Crore User Downloads

# CURRENT AFFAIRS 06 JUNE 2024




### ഗ്രീൻ ഹൈഡ്രജൻ വാലി പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്ന സ്ഥലങ്ങൾ

കൊച്ചി , തിരുവനന്തപുരം

- കേരളം (തിരുവനന്തപുരം-കൊച്ചി), മഹാരാഷ്ട്ര (പുണെ), ഒഡീഷ (ഭുവനേശ്വർ), രാജസ്ഥാൻ (ജോധ്പുർ) എന്നീ സംസ്ഥാനങ്ങളുടെ പദ്ധതിരേഖകളാണ് ആദ്യ ഘട്ടത്തിൽ കേന്ദ്ര ശാസ്ത്ര സാങ്കേതികവകുപ്പ് അംഗീകരിച്ചത്.

---



ബി.ആർ.പി ഭാസ്കർ

### 2024 ജൂണിൽ അന്തരിച്ച മുതിർന്ന മാധ്യമ പ്രവർത്തകൻ

ബി.ആർ.പി ഭാസ്കർ

- മികച്ച ആത്മകഥയ്ക്കുള്ള കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ച ബിആർപി ഭാസ്കറിന്റെ പുസ്തകമാണ് 'ന്യൂസ് റൂം'.

---

കുടുംബശ്രീ
ഒന്നായ് മുന്നേറാം

### 2024 ൽ വിവരാവകാശ നിയമത്തിന്റെ പരിധിയിൽപ്പെടുത്തിയ കേരളത്തിലെ സ്ത്രീ ശാക്തീകരണ പ്രസ്ഥാനം

കുടുംബശ്രീ

- കുടുംബശ്രീ മിഷന്റെ സംസ്ഥാന ജില്ലാ ഓഫീസുകളെയും കീഴ്ഘടകങ്ങളെയുമാണ് വിവരാവകാശ നിയമത്തിന്റെ പരിധിയിൽപ്പെടുത്തിയത്.

---



കിലിയൻ എംബാപ്പെ

### പ്രശസ്ത ഫ്രഞ്ച് ഫുട്ബോൾ താരം കിലിയൻ എംബാപ്പെയെ സ്വന്തമാക്കിയ ഫുട്ബോൾ ക്ലബ്ബ്

റയൽ മാഡ്രിഡ്

---



### രാജ്യാന്തര ബഹിരാകാശ നിലയത്തിലേക്ക് ബഹിരാകാശ യാത്രികരുമായി 2024 ജൂണിൽ വിജയകരമായി വിക്ഷേപിച്ച ബോയിങ്ങിന്റെ പേടകം

സ്റ്റാർലൈനർ

- ഫ്ലോറിഡയിലെ കേപ് കനാവറൽ സ്പേസ് ഫോഴ്സ് സ്റ്റേഷനിൽ നിന്നായിരുന്നു വിക്ഷേപണം.
- ഇന്ത്യൻ വംശജയായ സുനിതാ വില്യംസും, അമേരിക്കക്കാരനായ ബുഷ് വിൽമോറും ആണ് ബോയിങ്ങിന്റെ സ്റ്റാർലൈനറിൽ യാത്ര തിരിച്ച ബഹിരാകാശ യാത്രികർ. സുനിത വില്യംസിന്റെ മൂന്നാമത്തെ ബഹിരാകാശ യാത്രയാണ് ഇത്.
- മനുഷ്യനെയും വഹിച്ച് സ്റ്റാർലൈനർ നടത്തുന്ന ആദ്യപരീക്ഷണയാത്രയാണിത്.